# ശൈഖ് മാഹിൻ ഹമദാനി

**കേരള** മുസ്ലിംകൾക്കിടയിൽ നവോത്ഥാനം ലക്ഷ്യമിട്ട് സംഘടിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളായിരുന്നു എന്നു പറയാം. ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റിയിലെ പാവപ്പെട്ട കുടുംബത്തിൽ ജനിച്ച ശൈഖ് മാഹിന്റെ വംശപരമ്പര അറേബ്യയോളം ചെന്നെത്തുന്നു. മുസ്ലിം പണ്ഡിതന്മാരുടെ ആവാസകേന്ദ്രമായിരുന്ന സ്വദേശത്തുനിന്നുതന്നെ പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം തുടർന്ന് കൊടുങ്ങല്ലൂർ ജുമുഅത്ത് പള്ളി ദർസിൽ ചേർന്നു. വേലൂർ ലത്വീഫിയ്യാ കോളേജിലായിരുന്നു ഉപരിപഠനം. മലയാളം, ഇംഗ്ലീഷ്, അറബി, ഉർദു, പേർഷ്യൻ, തമിഴ് ഭാഷകളിൽ പ്രാവീണ്യം നേടി തിരിച്ചുവരുമ്പോൾ അദ്ദേഹം സ്വൂഫി ത്വരീഖത്തിൽ ആകൃഷ്ടനായിരുന്നു. ഹമദാനി ത്വരീഖത്തിന്റെ വക്താവായി അറിയപ്പെട്ട ശൈഖ് മാഹിൻ ത്വരീഖത്തിന്റെ പേരിൽ ഖുർആനും സുന്നത്തുമനുസരിച്ചുള്ള ജീവിതക്രമം പ്രചരിപ്പിക്കുകയായിരുന്നു. കൊച്ചി മട്ടാഞ്ചേരിയായിരുന്നു പ്രവർത്തന കേന്ദ്രം. അവിടെ മഹ്ദറ പള്ളി സ്ഥാപിച്ച അദ്ദേഹം അതിനെ കേന്ദ്രമാക്കി തന്റെ നവോത്ഥാന പ്രവർത്തനങ്ങൾ തുടർന്നു.

വക്കം മൗലവിയുടെ *മുസ്ലിം, അൽ ഇസ്ലാം, സ്വദേശാഭിമാനി* എന്നീ പത്രങ്ങളിൽ സമുദായോദ്ധാരണത്തിൽ നിർദേശങ്ങൾ സമർപ്പിച്ചുകൊണ്ടുള്ള ലേഖനങ്ങളെഴുതിയിരുന്നു. സമുദായത്തിൽ ഐക്യം വളർത്താനും അന്ധവിശ്വാസാചാരങ്ങൾ തിരുത്താനും *ഉൽഫത്തുൽ ഇസ്ലാം* (ഇസ്ലാമികൈക്യം) എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി പ്രസിദ്ധീകരിച്ചു. മികച്ച അന്യഭാഷാകൃതികൾ വിവർത്തനം ചെയ്ത് പുറത്തിറക്കാൻ പദ്ധതി തയാറാക്കിയിരുന്നു അദ്ദേഹം. ശിഷ്യനായ സയ്യിദ് മുഹമ്മദ് തങ്ങളുടെ സഹായത്തോടെ അറബി, മലയാളം, സംസ്കൃതം ഭാഷാപദങ്ങൾക്ക് അർഥം നൽകിക്കൊണ്ടുള്ള ഒരു ത്രിഭാഷാ നിഘണ്ടു *അൽകശ്ശാഫ്* എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

കൊടുങ്ങല്ലൂരിലെ ഹാജി കെ. സീതി മുഹമ്മദ് സാഹിബിന്റെ (മർഹൂം കെ.എം സീതിസാഹിബിന്റെ പിതാവ്) ക്ഷണപ്രകാരം ശൈഖ് ഹമദാനി കുറച്ചുകാലം അഴീക്കോട്ട് താമസമാക്കി. അദ്ദേഹത്തിന്റെ ഈ വരവ് കേരള മുസ്ലിം ചരിത്രത്തിൽ സുപ്രധാനമായ ഒരധ്യായം തുടങ്ങാൻ നിമിത്തമായി. അഴീക്കോട്ടെ ലജ്നത്തുൽ ഹമദാനിയ്യയും എറിയാട്ടെ ലജ്നത്തുൽ ഇസ്ലാമും അദ്ദേഹത്തിന്റെ പ്രചോദനത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. ആലപ്പുഴയിലെ ലജ്നത്തുൽ മുഹമ്മദിയ്യയുടെ സ്ഥാപകനായ അദ്ദേഹം കൊടുങ്ങല്ലൂരിൽ സ്ഥാപിച്ച നിഷ്പക്ഷ സംഘമാണ് പിന്നീട് കേരളത്തിലെ ഇസ്ലാഹീ സംഘടനയായി വളർന്നത്.

തിരുവിതാംകൂറിലെ ശ്രീമൂലം അസംബ്ലിയിലെ നോമിനേറ്റഡ് അംഗമായിരുന്നു ഹമദാനി. മുസ്ലിം വിദ്യാഭ്യാസ പുരോഗതിക്കായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിരുന്ന അദ്ദേഹം ഈയാവശ്യാർഥം മുസ്ലിം കോൺഫറൻസ് എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. അലീഗഢ് സർവകലാശാലാ മാതൃകയിൽ ഒരു ഉന്നത കലാലയം സ്ഥാപിക്കാനായി അന്നത്തെ ദിവാനായിരുന്ന പി. രാജഗോപാലാചാരിയെക്കൊണ്ട് എട്ടേക്കർ സ്ഥലം സൗജന്യമായി ആലുവയിൽ പതിപ്പിച്ചു വാങ്ങിയെങ്കിലും ഈ ലക്ഷ്യം സഫലമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. 'നിഷ്പക്ഷസംഘം' കേരള മുസ്ലിം ഐക്യസംഘമായി മാറിയപ്പോൾ ഹമദാനി അതിന്റെ മുൻനിരയിലുണ്ടായിരുന്നു. ഐക്യസംഘത്തിന്റെ ഒന്നാം വാർഷികം അഴീക്കോട്ടു നടന്നപ്പോൾ അതിൽ സജീവമായി പങ്കു കൊണ്ട അദ്ദേഹം ഏതാനും മാസങ്ങൾ കഴിഞ്ഞ് 1922-ൽ അന്തരിച്ചു.